## കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - കളമശ്ശേരി നഗരസഭയിലെ കണ്ടിജന്റ് വിഭാഗം തൊഴിലാളികളായ ശ്രീ.അബ്ദുൾ അസീസ് മുതൽപേർ ബഹു.കേരള ഹൈക്കോടതിയിൽ ഫയൽ ചെയ്ത CC(C) No.968/2018 (in WP(C) No.3180/2017) മേലുള്ള ബഹു.കോടതിയുടെ 30/08/2018 ലെ വിധിന്യായം നടപ്പിലാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

================================================================================

### തദ്ദേശ സ്വയംഭരണ (ഇ.യു) വകുപ്പ്

സ.ഉ.(സാധാ) നം. 3140/2018/തസ്വഭവ തീയതി, തിരുവനന്തപുരം : 13/12/2018

പരാമർശം : 1) 29/06/2017 ലെ സ.ഉ.(സാധാ) നം. 2187/2017/തസ്വഭവ. (എക്സിബിറ്റ്-പി10)

2) ശ്രീ.അബ്ദുൾ അസീസ് മുതൽപേർ ബഹു.കേരള ഹൈക്കോടതിയിൽ ഫയൽ ചെയ്ത WP(C) No.3180/2017 മേലുള്ള ബഹു.കോടതിയുടെ 05/12/2017 ലെ വിധിന്യായം.

3) WA No.1635/2018 in CC(C) No.968/2018 (in WP(C) No.3180/2017 മേലുള്ള ബഹു.ഹൈക്കോടതിയുടെ 30/08/2018 ലെ വിധിന്യായം.

### ഉത്തരവ്

കളമശ്ശേരി നഗരസഭയിലെ കണ്ടിജന്റ് വിഭാഗം തൊഴിലാളികളായ ശ്രീ.അബ്ദുൾ അസീസ് മുതൽപേർ, തങ്ങളെ കണ്ടിജന്റ് വിഭാഗത്തിൽ സ്ഥിരപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കുവാൻ നിർദ്ദേശം നൽകണമെന്ന ആവശ്യത്തോടെ ബഹു.കേരള ഹൈക്കോടതിയിൽ ഫയൽ ചെയ്ത WP(C) No.3180/2017 മേലുള്ള പരാമർശം (2) പ്രകാരമുള്ള വിധിന്യായത്തിൽ പരാതിക്കാരെ കളമശ്ശേരി നഗരസഭയിൽ കണ്ടിജന്റ് വിഭാഗത്തിൽ സാനിട്ടേഷൻ തൊഴിലാളികളായി റഗുലറൈസ് ചെയ്യുന്നതിന് ആവശ്യമുള്ള തസ്തികകൾ വിധിന്യായം ലഭിച്ച് രണ്ടുമാസത്തിനുള്ളിൽ സൃഷ്ടിക്കണമെന്ന് സർക്കാരിനോട് ബഹു.ഹൈക്കോടതി നിർദ്ദേശിച്ചിരുന്നു.

**2)** പ്രസ്തുത വിധിന്യായം സമയബന്ധിതമായി നടപ്പിലാക്കാത്തതിനാൽ, പരാതിക്കാർ ഫയൽ ചെയ്ത ഫയൽ ചെയ്ത CC(C) No.968/2018 (in WP(C) No.3180/2017) ഹർജിയിന്മേൽ WA No.1635/2018 നമ്പർ ഹർജിയിന്മേലുള്ള പരാമർശം (3) പ്രകാരമുള്ള വിധിന്യായത്തിൽ ബഹു.കോടതി സർക്കാരിനോട് ഇപ്രകാരം നിർദ്ദേശിച്ചു.

*"In view of the fact that the time stipulated by the learned single Judge is already over, considering the submission made by the learned Government Pleader, we find it appropriate to grant a further period of 'three months' to finalise*

*the proceedings in confirmity with the directions given in the judgment passed by the learned Judge".*

**3)** 31/12/1991 നശേഷം പല നഗരസഭകളിലും മാനദണ്ഡങ്ങൾ ലംഘിച്ച് ദിവസക്കൂലിയടിസ്ഥാനത്തിൽ നിയമിക്കപ്പെട്ട തൊഴിലാളികളെ പിരിച്ചുവിടുന്നത് പല നഗരസഭകളുടെയും ശുചീകരണ പ്രവർത്തനങ്ങളെ ഗുരുതരമായി ബാധിക്കുന്നുവെന്ന പരാതിയുടെയും നിവേദനങ്ങളുടെയും അടിസ്ഥാനത്തിൽ, സംസ്ഥാനത്തെ നഗരസഭകളിൽ 31/12/2000 വരെ ദിവസക്കൂലിയടിസ്ഥാനത്തിൽ നിയമിക്കപ്പെട്ട കണ്ടിജന്റ് വിഭാഗം തൊഴിലാളികളെ സ്ഥിരം തൊഴിലാളികളായി പരിഗണിക്കുന്നതിന് യോഗ്യരാക്കി 29/03/2001 ലെ സ.ഉ.(എം.എസ്) നം.91/2001/തസ്വഭവ പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവിലെ പ്രധാന നിർദ്ദേശം ഇപ്രകാരമാണ്.

*"31/12/2000 വരെ 22/04/1982 ലെ സ.ഉ.(എം.എസ്) നം.14/82/എൽ.ബി.ആർ ഉത്തരവിലെ മാനദണ്ഡങ്ങൾ ലംഘിച്ച് ദിവസക്കൂലിയടിസ്ഥാനത്തിൽ വിവിധ നഗരസഭകൾ നിയമിച്ച തൊഴിലാളികളെ, അവരെ സ്ഥിരനിയമനത്തിന് സീനിയോറിറ്റിയുടെ അടിസ്ഥാനത്തിൽ ഒഴിവിന്റെ ലഭ്യതയ്ക്ക് വിധേയമായി അർഹരാക്കി പകരം തൊഴിലാളികളായി പരിഗണിച്ച് ഉത്തരവാകുന്നു. ഏതെങ്കിലും നഗരസഭയിൽ 22/04/1982 ലെ ഉത്തരവിലെ വ്യവസ്ഥകൾക്കനുസൃതമായി നിയമിക്കപ്പെട്ട തൊഴിലാളികളും മാനദണ്ഡങ്ങൾക്ക് വിധേയമല്ലാതെ ദിവസക്കൂലിയടിസ്ഥാനത്തിൽ 31/12/2000 വരെ നിയമിക്കപ്പെട്ട തൊഴിലാളികളും ഉള്ളപക്ഷം, സ്ഥിരനിമയനത്തിനുള്ള സീനിയോറിറ്റി ലിസ്റ്റ് പ്രത്യേകം പ്രത്യേകം തയ്യാറാക്കുകയും മാനദണ്ഡങ്ങൾക്കനുസൃതമായ ലിസ്റ്റിൽ ഉള്ളവർക്ക് മുൻഗണന നൽകി അവരുടെ ഊഴം കഴിഞ്ഞശേഷം മാത്രം രണ്ടാമത്തെ ലിസ്റ്റിൽ ഉള്ളവരുടെ സ്ഥിരം നിയമനകാര്യം പരിഗണിക്കേണ്ടതാണെന്നും ഉത്തരവാകുന്നു".*

**4)** കളമശ്ശേരി പഞ്ചായത്ത് നഗരസഭയായി ഉയർത്തിയത് 1950 ൽ ആണെന്നും, 27 ചതുരശ്ര കിലോമീറ്റർ വിസ്തീർണ്ണമുള്ള കളമശ്ശേരി നഗരസഭയിൽ ശുചീകരണ പ്രവർത്തനങ്ങൾ നടത്തുന്നതിനായി 17 കണ്ടിജന്റ് ജീവനക്കാരും 1 ട്രാക്ടർ ഡ്രൈവറുമാണ് നിലവിലുള്ളതെന്നും, ടി കണ്ടിജന്റ് ജീവനക്കാരെ നിയോഗിച്ച് ശുചീകരണ പ്രവർത്തനങ്ങൾ സുഗമമായി മുന്നോട്ട് കൊണ്ടുപോകുവാൻ സാധിക്കാതെ വന്നതിനാൽ 1995 ജൂലായ് മാസം മുതൽ സി.എൽ.ആർ.വ്യവസ്ഥയിൽ 28 ശുചീകരണ തൊഴിലാളികളെ നഗരസഭാ കൗൺസിൽ നിയമിച്ചിട്ടുള്ളതും നിലവിൽ ജോലിയിൽ തുടരുന്നതുമാണെന്ന് 16/02/2000 ലെ എച്ച്/6473/07 നമ്പർ കത്ത് പ്രകാരം കളമശ്ശേരി നഗരസഭാ സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

**5)** 29/03/2001 ലെ സ.ഉ.(എം.എസ്) നം.91/2001/തസ്വഭവ നമ്പർ സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾ പാലിച്ചുകൊണ്ട് ദിവസക്കൂലി അടിസ്ഥാനത്തിൽ നിയമിച്ച

സ്വീകരിക്കണമെന്ന് 23/06/2010 തീയതിയിലെ ഇ 2-6549/10 നമ്പർ കത്തു പ്രകാരം നഗരകാര്യ ഡയറക്ടർ കളമശ്ശേരി നഗരസഭാ സെക്രട്ടറിയെ അറിയിയ്ക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ കളമശ്ശേരി നഗരസഭയിലെ താൽക്കാലിക ശുചീകരണ തൊഴിലാളികളായ ശ്രീ.പി.കെ.അരവിന്ദാക്ഷൻ മുതൽ ശ്രീ.ടി.ആർ.പ്രസാദ് വരെയുള്ള 28 പേരുടെ ലിസ്റ്റ് തയ്യാറാക്കി, സ്ഥിരം തൊഴിലാളികളുടെ ഒഴിവുകൾ വരുന്ന മുറയ്ക്ക് ടി ലിസ്റ്റിൽ നിന്നും നിയമനം നൽകേണ്ടതാണ് എന്ന വ്യവസ്ഥയിന്മേൽ, 16/01/2011 ലെ എച്ച്/6476/07 നമ്പർ പ്രകാരം നഗരസഭാ സെക്രട്ടറി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ലിസ്റ്റിൽ ഉൾപ്പെട്ടവരാണ് ഹർജിക്കാരായ ശ്രീ.അബ്ദുൾ അസീസ് മുതൽപേർ.

6) പരാതിക്കാരായ ശ്രീ.അബ്ദുൾ അസീസ് മുതൽപേരെ കളമശ്ശേരി നഗരസഭയിൽ കണ്ടിജന്റ് വിഭാഗത്തിൽ ശുചീകരണ തൊഴിലാളികളായി റഗുലറൈസ് ചെയ്യുന്നതിന് ആവശ്യമുള്ള തസ്തികകൾ വിധിന്യായം ലഭിച്ച് രണ്ടുമാസത്തിനുള്ളിൽ സൃഷ്ടിക്കണമെന്നുള്ള WP(C) No.3180/2017 മേലുള്ള ബഹു.കോടതിയുടെ 05/12/2017 ലെ വിധിന്യായം കർശനമായി നടപ്പിലാക്കുവാൻ WA No.1635/2018 in CC(C) No.968/2018 (in WP(C) No.3180/2017) മേലുള്ള 30/08/2018 ലെ വിധിന്യായത്തിൽ ബഹു.കോടതി നിർദ്ദേശിച്ചിരിക്കുന്ന സാഹചര്യത്തിൽ, പരാതിക്കാരെ കളമശ്ശേരി നഗരസഭയിൽ കണ്ടിജന്റ് വിഭാഗത്തിൽ ശുചീകരണ തൊഴിലാളികളായി റഗുലറൈസ് ചെയ്യുന്നതിന് ആവശ്യമുള്ള തസ്തികകൾ സൃഷ്ടിക്കുന്നത് സംബന്ധിച്ചുള്ള പ്രൊപ്പോസൽ നഗരകാര്യ ഡയറക്ടർക്ക് നിർദ്ദേശം നൽകികൊണ്ട് ബഹു.ഹൈക്കോടതിയുടെ പരാമർശം (3) ലെ വിധിന്യായം നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**(ഗവർണറുടെ ഉത്തരവിൻ പ്രകാരം)**

**ടി. കെ. ജോസ്**
**അഡിഷണൽ ചീഫ് സെക്രട്ടറി**

അഡ്വക്കേറ്റ് ജനറൽ, കേരള, എറണാകുളം (ആമുഖ കത്ത് സഹിതം)
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
സെക്രട്ടറി, കളമശ്ശേരി നഗരസഭ
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
(ഈ ഉത്തരവ് വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിനായി)
കരുതൽ ഫയൽ / ഓഫീസ് കോപ്പി

അംഗീകാരത്തോടെ

സെക്ഷൻ ഓഫീസർ